# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*27 — 27.02.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, വി.ടി.ബൽറാം<br>,, എം. വിൻസെന്റ്<br>,, അനിൽ അക്കര | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ, നടപ്പിലാക്കാനാരംഭിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയുമാണ് ആർദ്രം മിഷന്റെ ഉദ്ദേശ്യം.<br><br>താഴെപ്പറയുന്നവയാണ് ഈ മിഷൻ വഴി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ<br><br>1) ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി (OP Transformation) രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക.<br><br>2) ജില്ലാ/താലൂക്ക്തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചുകൊണ്ടും ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുക.<br><br>3) പ്രൈമറി ഹെൽത്ത് സെന്ററുകളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുക.<br><br>4) ആശുപത്രികളിലെത്തുന്ന രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖകൾ പ്രകാരം ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുക. |
| (ബി) | ജില്ലാ-താലൂക്ക് ആശുപത്രികളുടെ സേവനങ്ങൾ മെച്ചപ്പെടുത്താനും സ്പെഷ്യാലിറ്റി വകുപ്പുകൾ ആരംഭിക്കുവാനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; | (ബി) | കിഫ്ബിയിൽ ഉൾപ്പെടുത്തി 8 ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബുകൾ നിർമ്മിക്കുന്നതിനും 44 താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് (ഭരണാനുമതി നൽകി). ജില്ലാ താലൂക്ക്തല ആശുപത്രികളിലെയും ഫാമിലി |

| | | | |
|---|---|---|---|
| | | | ഹെൽത്ത് സെന്ററുകളിലേയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. ആരോഗ്യ വകുപ്പിലെ പ്രധാന ആശുപത്രികളിലേക്ക് അധിക ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ഈ വർഷത്തെ പ്ലാൻ ഫണ്ട് വഴി (23.75 കോടി) കെ.എം.എസ്.സി.എൽ മുഖേന നടന്നുവരുന്നു. അടുത്ത വർഷത്തെ പദ്ധതിയിനത്തിൽ നിന്നും ആശുപത്രി ഉപകരണങ്ങൾ വാങ്ങാനുള്ള 45 കോടി രൂപയുടെ പ്രൊപ്പോസലുകൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികളും എടുത്തിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | നിലവിൽ അംഗീകരിച്ച ആർദ്രം പദ്ധതിയിൽ പട്ടികവർഗ്ഗ മേഖലകളിലേക്കുള്ള പ്രത്യേക പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതിനായി ഒരു പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കി ആർദ്രം മിഷനിൽ ഉൾപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ